| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പന്ത്രണ്ടാം സമ്മേളനം | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *415 | 18.12.2014-ൽ മറുപടിക്ക് |
| വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി നവീകരണം | |
| ചോദ്യം | ഉത്തരം |
| ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ. പാലോട് രവി<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ പാഠ്യ പദ്ധതി നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വൊക്കേഷണൽ വിഷയങ്ങളുടെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് സ.ഉ(സാധാ) നം.623/14/ പൊ.വി.വ തീയതി 06.02.2014 ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാഠ്യ പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | (ബി) | കുട്ടികൾക്ക് നിലവിലുള്ള പ്രായോഗിക പരിശീലനം വർദ്ധിപ്പിക്കുന്നതിനും അവർ പഠിച്ച തൊഴിലിൽ അവരെ സ്വയം പര്യാപ്തമാക്കുവാനും, ആധുനിക കാലഘട്ടത്തിലെ സാങ്കേതികവിദ്യ കുട്ടികൾക്ക് സ്വായത്തമാക്കുന്നതിനും, വൈദഗ്ധ്യം നിറഞ്ഞ മനുഷ്യ വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിനും, കൂടാതെ വിദ്യാർത്ഥികൾക്ക് തൊഴിൽ മേഖലയിൽ തന്നെ ഉന്നതപഠനത്തിനായി ലാടൽ എൻട്രി സംവിധാനവും പാഠ്യപദ്ധതി പരിഷ്കരണം കൊണ്ട് ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായമൊന്നും ലഭിക്കുന്നില്ല |
| (ഡി) | പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ? | (ഡി) | വി.എച്ച്.എസ്.ഇ കോഴ്സിലെ വൊക്കേഷണൽ വിഷയങ്ങൾ പരിഷ്കരിക്കുന്നതിന് എസ്.സി.ഇ.ആർ.ടി യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വൊക്കേഷണൽ വിഷയങ്ങളുടെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പ്രാരംഭ പ്രവർത്തങ്ങൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ സർക്കാർ 5,90,000 രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. കൂടാതെ ടി പാഠ്യപദ്ധതി പരിഷ്കരണത്തിന് മേൽനോട്ടം വഹിക്കുന്നതിനായി സ.ഉ(സാധാ) നം.1245/14/പൊ.വി.വ തീയതി 10.03.2014 പ്രകാരം ഒരു വിദഗ്ധ സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് എക്സ്പർട്ട് കമ്മിറ്റിയുടെ ആദ്യ യോഗം 17.03.2014-ൽ കൂടുകയും അതനുസരിച്ച് എസ്.സി.ഇ.ആർ.ടി ഡയറക്ടറും വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറും ഉൾപ്പെടെ 20 അംഗ കോർകമ്മിറ്റി രൂപീകരിച്ചു. കോർ കമ്മിറ്റിയുടെ ടൂൾ പ്രിപ്പറേഷൻ എസ്.സി.ഇ.ആർ.ടിയിൽ വച്ച് |

| | | | |
|---|---|---|---|
| | | | നടന്ന അദ്ധ്യാപക സംഘടനകളുമായും വകുപ്പ് തല ഉദ്യോഗസ്ഥരുമായുള്ള ചർച്ചയിലും, അതിന്റെ അടിസ്ഥാനത്തിലുള്ള ആശയ രൂപീകരണത്തിലും നടത്തുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**